<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1856</u> <u>08-02-2023 - ൽ മറുപടിയ്ക്ക്</u>

<u>ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി പ്രകാരം പരമാവധി ഒരു ലക്ഷം രൂപ ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തിയിൽ എം.എൽ.എ.മാർ അനുവദിക്കുന്ന അൻപത് ശതമാനം തുകയ്ക്ക് ടർഫ് പോലുള്ള പ്രവൃത്തികൾക്ക് പ്രത്യേക അനുമതി ആവശ്യമുണ്ടോ; | (എ) | **ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 12.07.2022 തീയതിയിലെ സ.ഉ.(അച്ചടി) നം. 1/2022/കായുവ ഉത്തരവ് പ്രകാരം സർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഈ മാർഗ്ഗ നിർദ്ദേശ പ്രകാരം മൾട്ടി ഗെയിമുകൾക്കായുള്ള പ്ലേകോർട്ടുകൾ, ഇൻഡോർ കോർട്ടുകൾ, ഓപ്പൺ ജിം മുതലായവ പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. വോളിബോൾ കളിക്കാനുള്ള കോർട്ടുകൾ, ബാസ്കറ്റ്ബോൾ, ഓപ്പൺ ജിംനേഷ്യം, നടപ്പാത, ടോയ്ലറ്റുകൾ, വസ്ത്രം മാറുന്ന മുറികൾ, കോഫിഷോപ്പ്, ഇൻഡോർ കോർട്ടുകൾ, പ്രാദേശിക ഡിമാൻറ് / ആവശ്യകത, ഫണ്ട് ലഭ്യത എന്നിവ അനുസരിച്ച് ഫുട്ബോൾ ടർഫുകളും സിന്തറ്റിക് കോർട്ടുകളും, മൾട്ടി സ്പോർട്സ് അരീനകളും ഫിറ്റ്നെസ് പവലിയനുകളും, സ്വിമ്മിംഗ് പൂൾ ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന ആസ്തികളും പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. വിശദവിവരം മാർഗ്ഗനിർദ്ദേശം 2-ാം ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശ പ്രകാരം പദ്ധതിയിൽ സ്ഥലവും ഫണ്ടും ലഭ്യമാണെങ്കിൽ സിന്തറ്റിക് കോർട്ടുകൾ അടക്കമുള്ള പ്രവൃത്തികൾ ഉൾപ്പെടുത്താവുന്നതാണ്.** |
| (ബി) | സംസ്ഥാനത്തെ എല്ലാ മണ്ഡലങ്ങളിലും നടത്തിവരുന്ന ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കി വരുന്നതിന് കായിക വകുപ്പും ധനകാര്യ വകുപ്പുമായി എന്തെങ്കിലും ധാരണ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | **ഇല്ല.**<br><br>**13.06.2022 തീയതിയിൽ സ.ഉ.(അച്ചടി) നം. 65/2022/ധന ഉത്തവ് പ്രകാരം, നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, ഓരോ പഞ്ചായത്തിലും കളിസ്ഥലം എന്ന ലക്ഷ്യത്തിനായി സ്പോർട്സ് കേരള ഫൗണ്ടേഷൻ നിർവ്വഹണ ഏജൻസിയായി നടപ്പിലാക്കുന്ന ഗ്രാമീണ കളിസ്ഥല പദ്ധതിയ്ക്കായി തദ്ദേശ സ്ഥാപന ഫണ്ട് / സിഎസ്ആർ ഫണ്ടുകൾ / പൊതു സ്വകാര്യ പങ്കാളിത്തം (പി പി പി) / മറ്റ് സർക്കാർ വിഹിതം എന്നിവയോടൊപ്പം** |

| | | | |
|---|---|---|---|
| | | | **ചേർത്തുകൊണ്ട് ഉപയോഗിക്കാമെന്ന് ഉത്തരവായിട്ടുണ്ട്** |

സെക്ഷൻ ഓഫീസർ